**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1635** **11.08.2017-ൽ മറുപടിയ്ക്ക്**

**അഴിമതിമുക്ത ചെക്ക്പോസ്റ്റുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ് | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) ചെക്ക് പോസ്റ്റുകൾ അഴിമതി മുക്തമാക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് എന്തെങ്കിലും പുതിയ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് ആർ.ടി.ഒ ചെക്ക് പോസ്റ്റുകളിൽ പ്രവർത്തനം സുഗമമാക്കുന്നതിനായി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്കായി ഫാസ്റ്റ് (FAST - Fully Automated Services of Transport Department) പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി അനുമതി തരികയും അത് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വകുപ്പ് സ്വീകരിച്ചു വരികയും ചെയ്യുന്നു. ആധുനിക പരിശോധനാ സംവിധാനങ്ങൾ നടപ്പിലാക്കുവാനുള്ള നടപടികളും വകുപ്പ് തലത്തിൽ കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി ഇലക്ട്രോണിക്സ് വെയിംഗ് മെഷീൻ മുതലായ ഉപകരണങ്ങൾ ഘട്ടംഘട്ടമായി വകുപ്പ് വാങ്ങുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിലെ ക്രമരഹിത പ്രവർത്തനങ്ങൾ തടയുന്നതിനു വേണ്ട പരിശോധനകൾ കർശനമാക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലർ 12/2017 പ്രകാരം നൽകിയിട്ടുണ്ട്. |
| (ബി) 2017 ജനുവരി 1-ന് ശേഷം ചെക്ക്പോസ്റ്റുകളിൽ കൈക്കൂലി വാങ്ങി എന്ന പരാതിയിന്മേൽ മോട്ടോർ വാഹന വകുപ്പിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ബി) 8 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ